## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 685** **05-10-2021 - ൽ മറുപടിയ്ക്ക്**

## സഹകരണ സംഘങ്ങൾ നടത്തുന്ന ക്രമവിരുദ്ധ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. പി. നന്ദകുമാർ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | എ.ആർ. നഗർ സർവ്വീസ് സഹകരണ ബാങ്കിൽ അതിന്റെ അധികാര പരിധിക്കു വെളിയിലുള്ളവയുൾപ്പെടെ ഒരു പ്രമുഖ രാഷ്ട്രീയ കക്ഷിയുടെ വിവിധ തലത്തിലുള്ള ഘടകങ്ങൾ സംശയാസ്പദമായ രീതിയിൽ ഇടപാടു നടത്തുന്നതായുള്ള വാർത്തയുടെ അടിസ്ഥാനത്തിൽ സഹകരണ വകുപ്പ് ഇക്കാര്യം പരിശോധിക്കുമോ; | (എ) | എ.ആർ.നഗർ സർവ്വീസ് സഹകരണ ബാങ്കിനെ സംബന്ധിച്ച് സഹകരണ വകുപ്പിന് ലഭ്യമായ പരിശോധനാ റിപ്പോർട്ടുകളിൽ ഏതെങ്കിലും രാഷ്ട്രീയ കക്ഷികളെ പരാമർശിക്കുന്നില്ല. എ.ആർ.നഗർ സർവ്വീസ് സഹകരണ ബാങ്ക് അതിന്റെ അധികാര പരിധിക്ക് പുറത്തുൾപ്പെടെ നടത്തിയ ഇടപാടുകൾ സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് വകുപ്പ് പുറപ്പെടുവിച്ച സഹകരണ നിയമം വകുപ്പ് 65 അന്വേഷണ ത്തിനെതിരെയുള്ള ഹൈക്കോടതി സ്റ്റേ ഒഴിവാകുന്ന മുറയ്ക്ക് വിശദമായ അന്വേഷണം സമയബന്ധിത മായി നടത്തുന്നതാണ്. |
| (ബി) | ഇത്തരത്തിൽ ചില സഹകരണ സംഘങ്ങൾ നടത്തുന്ന സുതാര്യതയില്ലാത്തതും ക്രമവിരുദ്ധവുമായ പ്രവർത്തനം സംസ്ഥാനത്തെ സഹകരണ മേഖലയെ ദുർബലപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കാനിടയുണ്ടെന്നതിനാൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ വേണ്ട ഇടപെടൽ നടത്തുമോ; | (ബി) | സഹകരണമേഖലയിൽ ചില സഹകരണ സംഘങ്ങൾ നടത്തുന്ന സുതാര്യതയില്ലാ ത്തതും ക്രമവിരുദ്ധവുമായ പ്രവർത്തന ങ്ങൾ ശ്രദ്ധയിൽപ്പെട്ടുന്നുണ്ട്. ഇത്തര ത്തിലുള്ള പ്രവർത്തനങ്ങൾ സഹകരണ മേഖലയെ ദുർബലപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കാൻ ഇടയുള്ള തിനാൽ ഇത്തരം പ്രവർത്തനങ്ങൾ ക്കെതിരെ സർക്കാർ ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. സഹകരണ നിയമം കാലോചിതമായി പരിഷ്കരിച്ച്, സഹകരണ ആഡിറ്റ്, ഇൻസ്പെക്ഷൻ, വിജിലൻസ് സംവിധാനം എന്നിവ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. സഹകരണ വകുപ്പ് കാലോചിതമായി പുന:സംഘടിപ്പി ക്കുന്നതിനും സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | നിയമത്തിലും ചട്ടത്തിലും ആവശ്യമായ ഭേദഗതികൾ വരുത്തിക്കൊണ്ട് സഹകരണ ഓഡിറ്റ് | (സി) | ഉണ്ട്. സഹകരണ ആഡിറ്റ് ഡയറക്ടർ തസ്തികയിൽ ഇന്ത്യൻ ആഡിറ്റ് ആന്റ് അക്കൗണ്ട്സ് |

| | | | |
|---|---|---|---|
| | ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | | സർവ്വീസിലെ ഉദ്യോഗ സ്ഥനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സഹകരണ ആഡിറ്റിൽ ടീം ആഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു. ആഡിറ്റ് സംബന്ധിച്ച സുതാര്യതയും ആഡിറ്റിന്റെ പുരോഗതി പരിശോധിക്കു ന്നതിനും ആഡിറ്റിൽ ചൂണ്ടിക്കാണിക്കുന്ന ന്യൂനതകൾ സംബന്ധിച്ച തുടർനടപടികൾ വിലയിരുത്തുന്നതിനും, ആഡിറ്റുമായി ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ വകുപ്പിന്റെ വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥർക്കും മറ്റ് ഭരണതലത്തിലും പൊതുജനങ്ങൾക്കും ലഭ്യമാക്കുന്നതിലേക്കായി സി-ഡിറ്റുമായി ചേർന്ന് Co-operative Audit Monitoring and Information System (CAMIS) തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ